**പതിമൂന്നാം കേരളനിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ - 4494** — **10.12.2014 ലെ മറുപടിയ്ക്ക്**

## കനാൽ റോഡ് നിർമ്മാണ പദ്ധതികൾക്ക് അനുവദിച്ച തുക

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| **ശ്രീ.ഇ.പി.ജയരാജൻ** | | ശ്രീ.പി.ജെ.ജോസഫ്<br>(ബഹു.ജലവിഭവ വകുപ്പ് മന്ത്രി) |
| **എ)** 2014-15 സാമ്പത്തിക വർഷം കനാൽ റോഡുകളുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി എത്ര തുക വകയിരുത്തിയിട്ടുണ്ട് ; | എ) | 2014-15 സാമ്പത്തിക വർഷം കനാൽ റോഡുകളുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി '4701-80-800-76-02 മുൻഗണനാ പ്രവൃത്തികൾ എന്ന ശീർഷകത്തിൽ 1000 രൂപ ടോക്കൺ തുക മാത്രമേ വകയിരുത്തിയിട്ടുള്ളു. കുറ്റ്യാടി ജലസേചന പദ്ധതി ഡിവിഷനിൽ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി മൂന്ന് കനാൽ റോഡുകൾക്കായി 75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ കാരാപ്പുഴ ജലസേചന പദ്ധതിയുടെ ഇടതുകര വലതുകര കനാൽ ഇൻസ്പെക്ഷൻ റോഡുകളുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി 169 ലക്ഷം രൂപ 2014-15 വർഷത്തെ ആക്ഷൻ പ്ളാനിൽ വകയിരുത്തിയിട്ടുണ്ട്. |
| **ബി)** ഏതെല്ലാം കനാൽ റോഡ് നിർമ്മാണപദ്ധതികൾക്ക് ഭരണാനുമതി നൽകുകയുണ്ടായി; ഓരോ പ്രവർത്തിക്കും അനുവദിച്ച തുക എത്രയാണ് ; | ബി) | കുറ്റ്യാടി ജലസേചന പദ്ധതിയിൽ<br><br>1. കുന്നമ്മൽ ഗ്രാമപഞ്ചായത്ത് -KYIP (RBMC)-ചെയിനേജ് 21/950 കി.മീറ്ററിനും 22/500 കി.മീറ്ററിനും ഇടയിൽ റോഡ് നിർമ്മാണം - 50 ലക്ഷം രൂപ<br><br>2. മുട്ടോളി അംഗൻവാടി . റോഡ് നിർമ്മാണം - 10 ലക്ഷം രൂപ<br><br>3. കനാൽ സ്റ്റോപ്പ്- വാണിയേരിതാഴം റോഡ് - വാർഡ് നമ്പർ 12- കക്കോടി - 15 ലക്ഷം രൂപ<br>കാരാപ്പുഴ ജലസേചനപദ്ധതിയിൽ ഇടതുകര കനാൽ റോഡിന് 69 ലക്ഷം രൂപ, വലതുകര കനാൽ റോഡിന് 100 ലക്ഷം രൂപ എന്നിവയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. |

| | |
|---|---|
| സി) കണ്ണൂർ ജില്ലയിലെ ഏതെല്ലാം കനാൽ റോഡ് നിർമ്മാണ പ്രവൃത്തികളുടെ നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളത് ? | സി) കണ്ണൂർ ജില്ലയിൽ കനാൽ റോഡ് നിർമ്മാണ പ്രവൃത്തികളുടെ നിർദ്ദേശങ്ങൾ ഒന്നും തന്നെ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ